# വെളിച്ചം



Dr. K B MENON MEMORIAL HIGHER SECONDARY SCHOOL
TRITHALA
തമസോമാ ജ്യോതിർഗമയ

little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

ഡോക്ടർ കെ ബി മേനോൻ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ

# ആമുഖം



പ്രിയപ്പെട്ട കുട്ടികളെ,

പല രീതിയിൽ പലയിടങ്ങളിൽ നിന്നായി ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗിക്കുകയും സംസ്കരിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്. കമ്പ്യൂട്ടറുകളാണ് ഈ വിനിമയത്തിന്റെ അടിസ്ഥാനം. പുതിയ ലോകത്തിൽ, അതിന്റെ ദിശയും ചലനങ്ങളും തിരിച്ചറിഞ്ഞുള്ള ജീവനം സാധ്യമാക്കിയെടുക്കുന്നതിന് കമ്പ്യൂട്ടറുകളെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവെങ്കിലും, അത്യാവശ്യമാകുന്നത് അതുകൊണ്ടാണ്. ഇത്തരം ആവശ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ ഡിജിറ്റൽ മാഗസിൻ രൂപകല്പന ചെയ്തിട്ടുള്ളത്. വിവരവിനിമയത്തിന്റെ അടിസ്ഥാനസങ്കേതങ്ങൾക്കുപുറമേ നമുക്ക് പഠിക്കാനുള്ള എല്ലാ വിഷയങ്ങളിലും അത് എങ്ങനെ പ്രയോഗിക്കാം എന്നും കലയും, സംസ്കാരവും, സാഹിത്യവും മാഗസിനിലൂടെ പരിചയപ്പെടുന്നുണ്ട്. സർഗ്ഗാത്മകതയും സാങ്കേതികപഠനവും ഉൾക്കൊള്ളുന്ന ഈ ഡിജിറ്റൽ മാഗസിൻ നവ്യമായ ഒരനുഭവമായിത്തീരുമെന്ന് പ്രതീക്ഷിയ്ക്കാം.

ലിറ്റിൽ കൈറ്റ്സ്

# ലിറ്റിൽ കൈറ്റ്സ് 2019-2021



# പുസ്തക രചനാസമിതി

| | | |
|---|---|---|
| സ്റ്റാഫ് എഡിറ്റർ | : | സിന്ധു . ടി |
| സ്റ്റുഡന്റ് എഡിറ്റർ | : | അദ്ബുൽ അമൻ .സി<br>പ്രവീൺ .സി |
| അസോസിയേറ്റ് എഡിറ്റേർസ് | : | ഹൃദ്യ<br>ജ്യോതി ലക്ഷ്മി<br>മനഷ<br>സൂര്യ |
| എക്സിക്യൂട്ടീവ് എഡിറ്റർ | : | റിബാസ് |
| എഡിറ്റോറിയൽ ബോർഡ് | : | അഭിനവ്<br>ദിൽശാൻ<br>സൽമാൻ<br>രജിഷ<br>സബാഹ<br>അഭിഷേക്<br>അഭിത്ത്<br>റിൻഷാദ്<br>ഷംന<br>അഹ്സന<br>ഹുസൈൻ<br>അഭിജിത്ത്<br>നവ്യ |

# ആശംസകൾ



ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ എല്ലാവിധ ആശംസകളും നേരുന്നതോടൊപ്പം വിവര സാങ്കേതികവിദ്യയുടെ മേഖലയിലും അവരുടെതായ വ്യക്തിമുദ്ര പതിപ്പിയ്ക്കാൻ കഴിയട്ടെ എന്ന് അനുഗ്രഹിക്കുകയും ചെയ്യുന്നു.

**സക്കീന ടീച്ചർ (എച്ച്.എം)**

( DKBMMHSS Thrithala )

# ആശംസകൾ



വായനയുടെ ലോകം കമ്പ്യൂട്ടറിലേക്കും മൊബൈൽ ഫോണിലേക്കും മാറിയിരിക്കുന്ന കാലഘട്ടത്തിൽ നവ സാങ്കേതികവിദ്യയെ ആയുധമാക്കി കലയും സംസ്കാരവും വളർത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞാണ് ഡിജിറ്റൽ മാഗസിനുകൾ രൂപപ്പെട്ടു വരുന്നത്. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ നവ്യമായ ഒരനുഭവമായി മാറട്ടെ എന്ന് ആശംസിക്കുന്നു.

**രാജീവ് മാസ്റ്റർ (പ്രിൻസിപ്പൽ)**

( DKBMMHSS Thrithala )

# ആശംസകൾ



കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖല ലോകോത്തര നിലവാരത്തിലേക്ക് ഉയർന്നു കഴിഞ്ഞു. ഈയിടെ ഒരു മലയാള സിനിമയിൽ റിസോർട്ട് രംഗം ഷൂട്ട് ചെയ്യാനായി വടക്കൻ കേരളത്തിലെ ഒരു സർക്കാർ സ്കൂളാണ് തിരഞ്ഞെടുത്തത് എന്നത് കൗതുകകരവും സന്തോഷ കരവുമാണ്. നവസാങ്കേതിക വിദ്യ ചക്രഗതിയിൽ നമ്മുടെ കുട്ടികൾ ഒരുപാട് മുന്നേറിക്കഴിഞ്ഞു. ക്ലാസ്റൂമുകളെല്ലാം ഹൈടെക് ക്ലാസ്സ്റൂമുകളായി മാറി. സർക്കാർ വിദ്യാലയങ്ങൾ ക്കെല്ലാം പുതിയ ലോകം, പുതിയഭാവം, സാങ്കേതിക വിദ്യാഭ്യാസ പുരോഗതിയെ ലക്ഷ്യമാക്കി ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ **'വെളിച്ചം'** ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**അഹമ്മദ് ഫൈസൽ**

പി.ടി.എ പ്രസിഡന്റ്

( DKBMMHSS Thrithala )

## ഉള്ളടക്കം


അന്തരം......15
അമ്മ......13, 19
ആർഭാടത്തിൽ മനുഷ്യർ......21
ഏട്ടൻ......31
ഓർമജാലകത്തിലൂടെ......13
തുണയില്ലാത്തവർ......9
തേക്കടിയിലേക്കൊരു യാത്ര......24
നിലാവ്......11
പ്രകാശം......11
പ്രതികാര പുഞ്ചിരി......14
മരത്തിന്റെ വേദന......14
മഴമുത്തുകൾ......16
മഴ......15
മാറ്റം......12
മാറ്റമുണ്ടാകുന്ന പ്രകൃതി......27
വളർത്തമ്മ......12
വിശപ്പിന്റെ മണം......26
വേനൽ ചൂട്......17


ഉള്ളടക്കം

കവിത

# തുണയില്ലാത്തവർ

കണ്ണുകൾ ചു വക്കുന്നു ,
ചുണ്ട ുകൾ വിതുമ്പുന്നു
പേടിയാണെനിക്കച്ഛാ.. ഇന്ത്യയെ, മതങ്ങളെ,
ദേവസ്ഥാനങ്ങളെ......
എന്തിനുണ്ണീ നീ ഭയക്കണം ഇന്ത്യയെ, തൻ
സ്വർഗ്ഗരാജ്യത്തിനെ......?
മിഴി നിറഞ്ഞവൾ പുലമ്പുന്നു , അച്ഛാ...
ഇന്ത്യയെൻ പേടിസ്വപ്നം.
‘പേര്  ആസിഫ വയസ്സ് എട്ട് ,
സ്ഥലം അങ്ങ് ജമ്മൂ..
കാശ്മീരിൽ......
കാണാക്കൺമണി അവൾ
തൻ ഉപ്പക്കും ഉമ്മക്കും
മതങ്ങൾ ചോരയൂറ്റുന്ന കാലം ,അവർക്കെന്നും
വെല്ലുവിളികൾ മാത്രം
കാലത്തിന്റെ നെറുക പടിയിൽ വ്യസനമായ്
മറഞ്ഞവൾ......തൻ കുഞ്ഞിനെ കാണാതെ, ഉമ്മ
പരതി ജമ്മുവിൽ ചുറ്റും
,



എൻ മകളെവിടെ പറയൂ...
കണ്ടോ എൻ മകളെ....
ജമ്മുവിൽ പ്രതിധ്വനിച്ചാ...
അമ്മ തൻ നെഞ്ചിന്റെ
തീരാ വാക്കുകൾ....
സ്കൂളിൽ, സ്ഥലങ്ങളിൽ,

## കവിത

വീട്ടിൽ, എല്ലായിടത്തും
പരതി കണ്ടില്ലാ.....
ആ അമ്മ തൻ മിഴികളിൽ
ഒലിക്കുന്ന ചോര നീരുകൾ
ഒടുവിൽ കണ്ടു തൻ കുഞ്ഞിനെ പിച്ചിചീന്തിയ
ഛിദ്ര ശവമായ്, അവിടെയാ ദേവസ്ഥാനത്ത
ആ കുഞ്ഞിൻ വിറങ്ങലിച്ച ശവമായ്
അലറിവിളിച്ചാ ...ഉമ്മ പറഞ്ഞു
'നോക്കിയില്ല പുണ്യസ്ഥാനത്ത്.....'
അറിഞ്ഞവർ തൻ കുഞ്ഞിന്റെ ഘാതകരെ...
ദൈവത്തിന്റെ പടയാളികളെ.....
ദൈവത്തിന് മുഖം മൂടി
അണിഞ്ഞ കള്ള
കാപാലികരാണവർ...
എട്ടു ദിവസമാ പിഞ്ചുകുഞ്ഞിനെ
ക്രൂരമായ് കൊലപ്പെടുത്തി..
ദൈവമുായിരുന്നെങ്കിൽ അച്ഛാ... പിടയില്ലായിരു
ന്നു ആ ജീവിൻ
ഇന്ത്യയെൻ നാട് തന്നെയെന്നോതുവാൻ
ലജ്ജ തോന്നുന്നു ഇപ്പഴും
ഞങ്ങൾക്ക്, ആരെ
ഞാൻ വിശ്വസിക്കും?



മതത്തിന്റെ ക്രൂരതയ്ക്കടി
മയാക്കപ്പെടും, ഞങ്ങൾ
പാവം കുരുന്നുകൾ
ദേവസ്ഥാനങ്ങളിൽ
ആസിഫമാർ പിറക്കുന്ന കാലം.....
ഞങ്ങൾക്കാരു് തുണയായ്.....

കവിത

## നിലാവ്

വെയിലിന്റെ വേദനയിൽ നിന്നും അവളെ അവർ
വാരിയെടുക്കുമ്പോൾ വര ണ്ട ചോര പാടുകൾക്ക് സാക്ഷി
കാറ്റ് തുപ്പുന്ന പൈപ്പ് മാത്രമായിരുന്നു പിന്നീടാണവ
ഇരുട്ടിന്റെ കുസൃതിയാണെന്ന് മനസ്സിലായത്

അക്ഷിത. പി

## പ്രകാശം

കവിത

വാത്സല്യത്തിന്റെ താരട്ട് പാടി
ദയയ്ക്ക് കാവിലിരുന്ന് ഭൂമിയെ
തണുപ്പിച് സ്വപ്നത്തിന്റെ ഈണമായി

ഒടുവിൽ മരവിച്ച തിന്മയുടെ
ശബ്ദമായി തീർന്ന തന്റെ
മകനെ ഇന്നും തേടുകയാണ് നന്മ.

കവിത

## വളർത്തമ്മ

ചൂരൽ അതൊരു പേടി സ്വപ്നമാണ്.ചൂരലില്ലാത്ത ടീച്ചർമാരെ കണ്ടാൽ മുഖത്ത് ഒരാശ്വാസമാണ്. കണക്കിൽ മാർക്ക് കുറയുമ്പോൾ മനസ്സിൽ ആദ്യമെത്തുക ചൂരലിന്റെ ചിത്രമാണ്. അമ്മയുടെ ചൂടുപോലെ ചൂരലിന്റെ ചൂടും നമ്മളെ നാളെയുടെ വാഗ്ദാനമാക്കുന്ന ഓരോ അടിയും നമ്മെ നല്ലൊരു വ്യക്തിയാക്കുന്നു. ഒരു വളർത്തമ്മയെ പോലെ ചൂരൽ നമ്മളെ വളർത്തുന്നു.



നന്ദന. പി. എസ്

കവിത

## മാറ്റം

നെഞ്ചിൽ മുറിവേൽപ്പിച്ച് അവൾ തലക്കടിയേറ്റവനെ പോലെ മുരളുകയാണ് മെയ്ക്കപ്പിടാത്ത തന്റെ അമ്മയെന്ന രൂപത്തെ പിച്ചി ചീന്താനുള്ള ക്രോതത്തിൽ അവൾ ഇന്നും മാതൃത്വത്തെ കരയിക്കുന്നു.

അക്ഷിത.പി

കവിത

## അമ്മ

വയിലി ന് മുകളിൽ   തൂങ്ങിക്കിടന്ന്
അവസാനിക്കാത്ത റോഡിൽ
കാഴ്ചപിടി ച്ചെട്ടുക്കാത്ത തിരിവിൽ
വീണു കിടക്കുന്ന തന്റെ മകളെ
നോക്കി മരക്കുറ്റി കാവലിരിക്കുകയാണ്.

അക്ഷിത. പി

## ഓർമജാലകത്തിലൂടെ

കാണാതായ നിറങ്ങളെ
വെണ്മ നഷ്ടപ്പെട്ട പാവകളെ
പൊടിപിടിച്ച കണ്ണാടികളെ
കുഞ്ഞുടുപ്പൂകളെ
പാക്കിലാക്കി
തൂക്കിവിൽക്കുമ്പോഴും
കൈ നീട്ടിക്കിടന്ന
വളപൊട്ടുകളെ
ബാക്കിയാക്കിയില്ല
പിന്നീടാണവ നഷ്ടപ്പെട്ട
മെമ്മറിക്കാർഡാണെന്ന്
മനസിലായത്

കവിത

## മരത്തിന്റെ വേദന

മരം ഒരു വരം എന്നു നാം പറഞ്ഞാലും
പരിസ്ഥിതി ദിനപോസ്റ്റർ പതിച്ചാലും നമുക്ക്
തണലായി നിൽക്കുന്ന ആ മരത്തെ
നാം വെട്ടിമുറിച്ച് അടുപ്പിൽ തീ
ജ്വാലയായി വെയ്ക്കുന്നു.ആ വെട്ട്
പല തവണയായ അഃിന്റെ വേദന ആ മരം
കടിച്ചു പിടിച്ച് നിർത്തുന്നു. എന്നാലും
തണലായി പ്രാണ വായു ആയി
അതിന്റെ നന്മ ചെയ്യുന്നു. ആ മരം കുത്തി
നോവിക്കുന്നു

സാധിക. സി





## പ്രതികാര പുഞ്ചിരി

പുഴയൊഴുകാത്ത വഴികളില്ല
വീടും വഴികളും പിന്നീട്ട്
ഒഴുകുകയാണ്
എങ്ങോട്ടെന്നില്ലാതെ
പുഴയുടെ മുഖത്ത് പ്രതികാര
പുഞ്ചിരി ഒന്നു തിരിഞ്ഞു നോക്കിയാൽ
പോയ കാല ഓർമ്മകൾ
ആരവത്തോടെ ഒഴുകി നടന്ന കാലം
ഇരുകരകളോടും കഥ പറഞ്ഞ കാലം
പക്ഷെ ഇന്ന് ആരവങ്ങളില്ല
കഥപറയാൻ കരകളു മില്ല
താൻ ഒഴുകിയ വഴികൾ
മനുഷ്യൻ കൈയേറിയ വഴികൾ
ഇന്നിതാ വീടെടുത്തിരിക്കുന്നു.

നന്ദന പി.എസ്

കവിത



കവിത

## മഴ

ഇരുൾതിങ്ങി നിൽക്കുന്ന വാനമേ നിൻ
പ്രിയ തോഴനാം  തരുയെവ ടേക്കകന്നു
മണ്ണിനെ തൊട്ടു തഴുകുന്ന വേരുകൾ
പൊട്ടിച്ചിതറിക്കിടക്കുന്നതെന്നാലെ
ക്രൂരനല്ലാ ഞാൻ, കളങ്കിതനല്ല ഞാൻ
മാനവരെന്നെ പ്രതിചേർത്തതാണെ......
എൻ പിടിക്കൈ പോലുമാതരു
തന്നൊരു ഭിക്ഷയാണീ മഴു യാചകന്
തൊട്ടു വണങ്ങുന്നു യീധരണിയിൽ
ഞാനൊട്ടു കളങ്കവും പേറും മന
വുമായ്
കൊത്തിയതല്ലയാ പവം തരുവിനെ
കൊത്തിച്ചതാണീ
മാനവനെന്നാലെ നീറുന്നയുള്ളുമായ്
നീങ്ങുന്നുയിന്നു ഞാൻ മോക്ഷം
ലഭിക്കാത്ത
പാഴ്ജന്മമായ് പൂജക്കെടുക്കാ ത്ത
പൂങ്കുലയില്ലാത്ത സൂനമായ്
ഞാനിന്നുമാടിന്നു ....
ചിതലരിക്കുന്ന യെൻ മേനിയാൽ
ഞാനോർത്തു
ചിതലരിക്കാതുള്ള
യോർമ്മക്കുറിപ്പുകൾ
എന്തിനീ മാനവനെന്നെ കാരണമായ്
പൊട്ടിക്കരയുന്ന പ്രകൃതിയമ്പേ
നിന്നേകുത്തി നോവിപ്പതു
ന്യായമാണോ?

**ധന്യ ധനേഷ**

## അന്തരം

പഞ്ഞമെത്താറായി ഇപ്പോഴേ നോക്കി തുടങ്ങണം. ഇരുട്ട് കനൽ പോലെ അളിക്കത്തി. കഴിഞ്ഞ പ്രളയം അറുക്കിപ്പിടിച്ചതെല്ലാം മനസ്സിൽ വീടു കേറി കടന്നു. മരണം കനൽജലം പോലെ ഒഴുകിയെത്തുകയാണ്. മനുഷ്യമാംസ ത്തിൽ അത് വെറുമൊരു മഴത്തുള്ളി മാത്രമായിരുന്നു. എന്നാൽ ഞങ്ങൾ ഉറുമ്പല്ലേ... ഞങ്ങൾക്കത് എന്നും പ്രളയവും

പവിൻ.എം.എൻ

കവിത



## മഴമുത്തുകൾ

ആയിരം വെള്ളിമുത്തുകൾ
വന്ന് ഭൂമിയാം
അമ്മയെ ഉമ്മവച്ചു..
ഓരോ തളിരിലും,
കായ്‌ലും , മുത്തു
പവിഴമായി വന്നു വീണു.
ഭൂമിയുടെ ദാഹവും,
മേഘത്തിൻ അസുഖവും,
തീർത്തു പെയ്യുന്ന
അമൃത ധാരയാണവൾ..
പട്ടുനൂൽ നുനു വീഴുന്ന
പോൽ അവൾ,
ഉമ്മറത്തി ണ്ണ യിൽ
വന്നു വീണൂ....
അവളെ നുണയുന്ന
ഓരോ ജീവജാലങ്ങളും
അവളുടെ വരവിനായി
കാത്തിരുന്നു.
അവളുടെ വരവിൽ
എല്ലാ മനസ്സും ശാന്ത
ഗീതമായി യൊഴുകീടുന്നു
അവളുടെ ഭംഗിയാൽ
ഭൂമി ധന്യയായി,
വിലാസിനിയായ് പുഞ്ചിരിച്ചു...

ലേഖനം



# വേനൽ ചൂട്

വറ്റിവരണ്ട കിടക്കുന്ന വയലുകളും, കുളങ്ങളും, പുഴകളും അങ്ങനെ പലതരം ജലാശയങ്ങളും ഒരു തുള്ളി വെള്ളത്തിനായി ദാഹിച്ചു വലഞ്ഞു നടക്കുന്ന സസ്യങ്ങളും ഒരു നേരത്തെ വെള്ളത്തിനായി കൊതിക്കുന്ന മനുഷ്യരും അങ്ങനെ പലതരത്തിൽ ദുർബലമാണ്. വേനൽ ചൂട് ഇലകളൊക്കെ കൊഴിഞ്ഞ് ഒറ്റപ്പെട്ട് കരഞ്ഞു നിൽക്കുന്ന മരങ്ങളും ചിരിച്ചു നിൽക്കുന്ന പൂക്കളും മറ്റു സസ്യങ്ങളുമൊക്കെ സങ്കടപ്പെട്ട് നിൽക്കുന്ന ഒരു കാലമാണ് നമ്മുടെ വേനൽ ചൂട്. അവധിക്കാലം അത്രക്ക് ക്രൂരമായ ഒരുകാലമാണ് വേനൽ ചൂട്. പ്രകൃതിയുടെ ഭാവമാറ്റങ്ങളിൽ ഒന്നാണ് വേനൽ കാലം. പൂത്തും, തളിർത്തും നിൽക്കുന്ന മരങ്ങളെല്ലാം സഹതാപത്തോടെ നിൽക്കുന്ന ഒരു നിമിഷമാണ് വേനൽ ചൂട്. അത് നമ്മൾക്കും മറ്റു ജീവജാലങ്ങൾക്കും പ്രകൃതിക്കും ഒക്കെ ഗുണകരമെല്ലാത്തതാണ് ഈ ഭാവമാറ്റം മഴക്കാലത്ത് തളിർത്തുനിൽക്കുന്ന ഇലകളെല്ലാം വീണുകിടക്കുന്നതു കാണാം.

നമ്മൾ പ്രകൃതിയോടു ചെയ്യുന്ന തെറ്റ് ഒന്നാണ്. പറന്നു നടക്കുന്ന പക്ഷികളെല്ലാം തലതാഴ്ത്തി ഒരു മരത്തിനുമേൽ പതുങ്ങിയിരിക്കുന്നത് നമ്മൾക്ക് കാണാൻ പറ്റാത്ത ഒരു അവസരമാണ്. ഒരു പതാകയുടെ നിറത്തിൽ വർ ണ്ണ നിറവായി നിൽ ക്കുന്ന ഈ ലോകത്തിൽ ഒരു കരിഞ്ഞു നിൽക്കുന്ന ഭാവമാറ്റമാണിത്. പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന ഒരു തറയെ നമ്മൾ അറിയേണ്ട തു ണ്ട്. വെള്ളത്തിനായി തലതാഴ്ത്തി നിൽക്കുന്ന മനുഷ്യർ അങ്ങനെയൊരു ദുരന്തം അനുഭവിക്കുന്നത് നമ്മൾ അന്നാണ്. അതിനു വേണ്ടി തന്നെ വർഷകാലത്ത് വെള്ളം കയറി അനുഭവി ക്കുന്ന ഒരു ദുരന്തമാണ് അങ്ങനെ നമ്മൾക്ക് കുറ്റം പറയാതിരിക്കാൻ പറ്റുന്നില്ല. മനുഷ്യർക്ക് വേനൽ കാലത്ത് പ്രകൃതിയെ വെറുക്കും വർഷകാലത്തും അങ്ങന തന്നെയാണ്. നമ്മൾ മനുഷ്യർ ഫലങ്ങൾ നിറഞ്ഞൊരു കാലം കൂടിയാണ് വേനൽക്കാലം. ആ കാലത്തെ വരവേൽക്കുന്ന കാലമാണ് വേനൽ കാലം

**ലേഖനം**

വൃന്ദ

ലേഖനം



## അമ്മ

ജന്മം നൽകുന്നത് തൊട്ടു നമ്മുടെ കൂടെ ഉണ്ടാവുന്ന മാതാപിതാക്കളെയാണ് നമ്മൾ ഒരു ബാധ്യതയായി പിന്നീട് വൃദ്ധസദനത്തിൽ കൊണ്ടാക്കുന്നത്. അവർ നമുക്ക് ഒരു പാലമായി തീരുകയാണ്.നമ്മൾ ജനിക്കുന്ന തിനു മുമ്പ് തൊട്ടു നമ്മളെ സ്വപ്നം കണ്ട് നടക്കുന്ന അമ്മയെയാണ് ഇങ്ങനെ ചെയ്യുന്നത് എന്ന് നമ്മൾ പലരും ഓർക്കാതെ പോകുന്നു. പഠിപ്പിച്ചു വലുതാക്കി പിന്നീട് നമ്മൾക്ക് ജോലി കിട്ടി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നതും കല്യാണം കഴിഞ്ഞ് പിന്നീട് അവർക്കിടയിൽ അമ്മ ഒരു ശല്യമാവുകയും ചെയ്യുന്നു. ഈ കാലത്ത് അവരെ നോക്കാൻ സമയം കിട്ടാതെ അവർ അവരുടേതായ കാര്യങ്ങളിൽ ഏർപ്പെടുമ്പോൾ ആണ് ഒരു ശല്യമാവുന്നത്.എത്ര മക്കൾ ഉണ്ടോ അവർക്കിടയിൽ ഓരോ മാസവും അത്രയാണ് അമ്മക്ക് ആ വീട്ടിൽ നിൽക്കാൻ. അർഹതയുള്ള ആരും ഇവിടെ നിന്നോട്ടെ എന്ന് പറയില്ല.

ആ മാസം കഴിയുന്നതിന് മുൻപ്  തന്നെ ഈ വീട്ടിലെ' മകനോ മകളോ' അടുത്ത മകന്റെ വീട്ടിലേക്ക് കൊണ്ട് പോവാൻ വിളിക്കും.അത്രക്ക്  ക്രൂരമാണ് ഇന്നത്തെ മക്കൾ എന്തിന് നമ്മൾ ഇത് പത്തു മാസം ചുമന്നു നമ്മളെ പ്രസവിച്ച ആ അമ്മയോട് ഈ തെറ്റ് ചെയ്യുന്നത്. പക്ഷേ അമ്മ ഇത് പോലെ മക്കളെ ഒരാളെയും വെ റുക്കുന്നില്ല. അമ്മക്ക് സ്നേഹിക്കാൻ മാത്രമേ അറിയൂ വെറുക്കാൻ അറിയില്ല. പിന്നീട് അമ്മ മരിച്ചാലാണ് അമ്മയുടെ വില എ ന്താണ് എന്ന് അറിയൂ. അത്‌വരെ അമ്മ മക്കൾക്കിടയിൽ ഒരു ഭാരമായിരുന്നത് മരിച്ചാൽ ആണ് അമ്മ എത്ര വലിയ ശക്തി ആയി രുന്നു എന്നും എത്ര വലിയ ആളായിരുന്നു എന്നും മനസ്സിലാക്കാൻ കഴിയും. ഇത് കണ്ട് അവരുടെ മക്കൾ അവരെ ഇങ്ങനെ ചെയ്യും എന്ന് ഓർക്കുന്നില്ല.

**ലേഖനം**

ലേഖനം

## ആർഭാടത്തിൽ മനുഷ്യർ

നമ്മൾ മനുഷ്യർ ഇപ്പോൾ ആർഭാടത്തിൽ മുങ്ങിക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്.അത് മനുഷ്യർ ചെയ്യുന്നതിൽ എടുത്ത് പറയേണ്ട ഒരു കാര്യമാണ്. വീട് ആയാലും അല്ലെങ്കിൽ വാഹനം, ആഭരണങ്ങൾ, ഫോൺ, വസ്ത്രങ്ങൾ അങ്ങനെ പല തരത്തിലും.പാവപ്പെട്ടവനും ഇത് ദുരാഗ്രഹത്തിലേക്ക് നയിക്കുന്നു. ഇത് കാരണം മരണം വരെനടക്കുന്ന്. പണമുള്ളവർ ഇതിൽ മുഴുകുമ്പോൾ പാവപ്പെട്ടവൻ ഇതനുഖരിക്കുകയും ചെയ്യുന്നു.എന്നിട്ട് അവന്റെ കുടുംബം വരെ വിൽക്കേണ്ട സ്ഥിതി യാവുന്നു. അത് അവൻ കൂടുതൽ താന്നുപോവുകയാണ് പണക്കാരന്റെ മുന്നിൽ. അങ്ങനെ ഒരു തോന്നൽ വരുമ്പോഴാണ് അവൻ കടം വാങ്ങിച്ചും ബാങ്കിൽ നിന്ന് ലോൺ എടുത്തും ഇത് അനുകരിക്കുന്നു. അവസാനം അത് അവന്റെ മരണത്തിൽ വരെ കൊണ്ടെത്തിക്കുന്നു. അത് അവൻ ഒരു ക്രൂരൻ

ആയതു കൊണ്ട ല്ല. അതുപോലെ ആവ ണം എന്ന ചിന്ത അവനെ പിന്തുടരുകയാണ് ചെയ്യുന്നത്. പണക്കാരൻ വീടിന് മേൽ പല തരത്തിലും ഒക്കെ ആർഭാടം കാണിക്കുന്നു.പല വലുപ്പത്തിൽ മാളിക പോലെ കയറ്റികൊണ്ടിരിക്കുന്നു.അത് നമ്മുടെ വെയിലും മഴയും കൊള്ളാതെ ഇരിക്കാനും രാത്രി ആവുമ്പോൾ കയറാ നും ഒക്കെ വേ ണ്ടി യാണ്.വീട് പണിത് അതിന്റെ മേൽ ചെയ്യാത്ത പ്രവൃത്തിക ളില്ല.പിന്നെ വാഹനത്തിന്റെ കാര്യവും അങ്ങനെ തന്നെയാണ്.എന്നിട്ട് അത് പല വിലയിലുള്ളതും പല വലുപ്പത്തിൽ ഉള്ളതും അങ്ങനെ കുറെ മാറ്റങ്ങൾ ഉള്ള ഒരു വാഹനം ആണ് വാങ്ങുന്നത്.വസ്ത്രങ്ങൾ പല വിലയിൽ പല തരത്തിൽ അങ്ങനെ. ആർഭാടത്തില്ലുള്ള വസ്ത്രങ്ങൾ , ആഭരണങ്ങൾ.ഓരോ വസ്ത്രത്തിന് അനുസരിച്ച് മാറ്റി ഇടാനും ആർഭാടമായി ഉപയോഗിക്കുന്നു. ഫോണുകൾ പല പേരിലും പല വിലയുള്ളതും വാങ്ങി കൊണ്ടിരിക്കുന്നു. ഇങ്ങനെ ഒക്കെ ചെയ്തു പാവപ്പെട്ടവനും ഇങ്ങനെ ആവണം എന്ന ചിന്ത അവനെ പിൻ തുടർന്ന് ആ വഴിയിലേക്ക് നയിക്കുന്നു.നമുക്ക് മറ്റുള്ളവരുടെ മുന്നിൽ ആർഭാടം കാണിച്ചു നടക്കണം അവരുടെ മുന്നിൽ ഞാൻ വലിയവനാണ് എന്ന ചിന്ത ആണ് നമ്മളെ ഇതിലേക്ക് നയിക്കുന്നത്.നമുക്ക് ജീവിക്കാൻ ആവശ്യമായ സൗകര്യങ്ങൾ അത്രയൊക്കെ നമ്മൾ ആഗ്രഹിക്കാൻ പാടൂ. മറ്റുള്ളവരുടെ

മുന്നിൽ അല്ല പത്രാസ് കാണിക്കേണ്ട എന്നിട്ട് പാവപ്പെട്ടവൻ ഇത് അനുസരിച്ച് അവന്റെ കിടപ്പാടം വിറ്റ് അവസാനം വാങ്ങിയ പൈസ തിരിച്ചു കൊടുക്കാൻ പറ്റാതെ ആവുമ്പോൾ അവന്റെ മനസിൽ ഒരു ചിന്ത വഞ്ചവൻ ജീവൻ വരെ ഇല്ലാതാക്കുന്നത്.നമ്മൾ നമ്മുടെ കയ്യിൽ ഉള്ളതുപോലെ പാവപെട്ടവനോ പണക്കാരനോ അങ്ങനെ ര ുതരത്തിൽചിന്തിക്കാതെഒന്നാണ് എന്നോർക്കുക.ഇതൊന്നും ആരും മരിച്ചു പോവുമ്പോൾ കൊുപോകാൻ പോണില്ലല്ലോ. എല്ലാവരും തിരിച്ചു പോയാൽ ഒരു സ്ഥലത്ത് തന്നെ പോവുന്നത് എന്നോർത്ത് രണ്ടു തര ത്തിലും ജീവിക്കുക.

**ലേഖനം**




# തേക്കടിയിലേക്കൊരു യാത്ര

നല്ല ആകാംക്ഷയുള്ള ഒരു ദിവസമായിരുന്നു അത്. എ ന്തെന്നാൽ എല്ലാവരും ചേർന്ന് ഒരു യാത്ര തേക്കടിയിലെകായിരുനു അത്. രാവിലെ 7:00 മണിയോടെ യാത്ര പുറപ്പെട്ടു. ഒരു ടൂറിസ്റ്റ് ബസിലായിരുനു പോയത്.അമ്മ, അച്ഛൻ, ഞാൻ, അനിയൻ എന്നിവരാണ് പോയത്. പിന്നെ ഞങ്ങളുടെ കുടുംബത്തിലെ 20 ആളുകളും ഉണ്ടായിരുന്നു. ബസ്സിലെ പാട്ടുകളും കളികളും എല്ലാം ഞങ്ങളെ ഒന്നുകൂടി ആനന്ദിച്ചു. പിന്നിട് ഒരു പമ്പിൽനിർ ത്തിയിട്ട് ഞങ്ങളെല്ലാവരും ഭക്ഷണം കഴിച്ചു. ഇഡ്ഡലി ആയിരുന്നു കഴിച്ചത്. കഴിച്ച് ഒരു 15 മിനിറ്റ് കഴിഞ്ഞപ്പോൾ എല്ലാവരും വണ്ടിയിൽ കയറി വിശ്രമിക്കാൻ തുടങ്ങി. പിന്നെ റോഡിനരികിലെ കാഴ്ചകൾ കണ്ടു ഞാൻ അങ്ങനെ ഇരുന്നു. നല്ല രസമായിരുന്നു ആ കാഴ്ചകൾ. മരങ്ങൾ,

കിളികൾ, വണ്ടികൾ അങ്ങനെ കുറെ കാഴ്ചകൾ. കുറെ യാത്ര ചെയത് എത്തിയപ്പോൾ എല്ലാവർക്കും വളരെ ക്ഷീണമായിരു ന്നു പിന്നെ അവിടെ എത്താനുള്ള ആകാംക്ഷയായിരു ന്നു. 1 മണിക്കൂർ കഴിഞ്ഞ് ഇടുക്കിയിലെ മൈലാഞ്ചെരിവുകളിലുടെയുള്ള യാത്രയായിരുന്നു. അങ്ങനെ ഒരു പച്ചപ്പ് നിറഞ്ഞ ഒരു വനപ്രദേശം. എന്ത് രസമായിരുന്നു അവിടെ. അവിടെ ഞങ്ങൾ ഒരു റൂം എടുത്തു. വിശാല മായിരുന്ന ഒരു മുറി ആയിരുന്നു അത്. കുളിച്ച് ഫ്രഷായി ഞങ്ങൾ തേക്കടികാണാനിറങ്ങി. സു ഗ ന്ധ ദ്രവ്യങ്ങളുടെ കൂമ്പാരം. തേയില, ഗ്രാമ്പു, പട്ട അവിടെ ഉ ണ്ടായിരുന്നു. ഒരു ചെറിയ കടയിൽ ഞങ്ങൾ ചായ കുടിക്കാൻ കയറി. അവിടെ ഇരുന്ന് നോക്കിയാൽ മലയും മരങ്ങളും നിറഞ്ഞ ഒരു പ്രദേശം. എന്താണെന്ന് പറഞ്ഞാൽ ഒരു പ്രത്യേക സുഖം. അവിടത്തെ എല്ലാം വലിയ തോട്ടങ്ങളാണ് എനിക്ക് കൂടുതൽ ഇഷ്ടപ്പെട്ടത്. പിന്നെ ഒരു മിഠായി വാങ്ങി. മധുരവും പുളിയും എല്ലാം ചേർന്ന് ഒരു ഓറഞ്ച് മിഠായി. ഒരു ദിവസം കഴിഞ്ഞ് വിട്ടിലേ ക്ക് പുറപ്പെട്ടു. ഒരു മറക്കാൻ കഴിയാത്ത നല്ല അുഭവമായിരുന്നു അത്.

സാധിക.

കഥ

# വിശപ്പിന്റെ മണം

അമ്മുവിന്റെ വീട്ടിൽ നെയ്യപ്പം ഉാക്കുകയാണ് എങ്ങും നെയ്യപ്പത്തിന്റെ മണം. അമ്മ അവൾക്കായി പകുത്തു നൽകിയ നെയ്യപ്പവുമായി അവൾ പുറത്തേക്കിറങ്ങി അവൾക്ക് നെയ്യപ്പം വളരെ ഇഷ്ട്ടമായിരുന്നു. പൂക്കളോടും, ചെടികളോടും, പക്ഷികളോടും ചിരിച്ചു കളിച്ചും കയ്യിൽ നെയ്യപ്പവുമായി നിൽക്കുമ്പോഴാണ് ഒരു ഗാനം അവൾ കേട്ടത്. ആ ശബ്ദം ശ്രുതിയുള്ളതായിരുന്നു എന്നാൽ തളർച്ച ബാധിച്ചതും. പുതിയ ആ ശബ്ദം അടുത്തുവന്നു വൃദ്ധനായ ഒരു മനുഷ്യൻ കീറി പറിഞ്ഞ വസ്ത്രങ്ങൾ, മെലിഞ്ഞുണങ്ങിയ അസ്ഥികൾ പുറത്തു കാണുന്നു. കയ്യിൽ ഒരു ഭിക്ഷാ പാത്രം. ഒറ്റനോട്ടത്തിലെ അമ്മുവിന് മനസ്സിലായി അതൊരു യാചകനാണെന്ന്. കൂടാതെ അയാൾ ഒരു അന്ധനായിരുന്നു. അയാളുടെ ദയനീയ ഭാവം അവളെ വേദനിപ്പിച്ചു. ആ നിമിഷം താൻ പലപ്പോഴും പാഴാക്കികളയുന്ന

ഭക്ഷണത്തെ പറ്റി അവളോർത്തു. ഒരിറ്റു ഭക്ഷണത്തിനു പോലും പാകമില്ലാത്ത അയാളുടെ പാത്രത്തിലേക്ക് ആ നെ യ്യപ്പം അവൾ സമ്മാനിച്ചു. പാത്രത്തിലേക്കു വീണ ആ നെ യ്യപ്പം ആർത്ഥിയോടെ കഴിക്കുമ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

ഷിഫാനാ ഷെറി

**കഥ**

**ലേഖനം**

## മാറ്റമുണ്ടാകുന്ന പ്രകൃതി

പച്ച പരവതാനി വിവരിച്ചത് പോലുള്ള പ്രകൃതി. നെൽപാടങ്ങളും, ഉയർന്ന് നിൽകുന്ന കുന്നുകളും അതുപോലെ സ്വർണ്ണ നിറം ചാർത്തിയതു പോ ലെ ന ിൽകുന്ന നെൽ കതിരുകളും കള കള മുഴക്കുന്ന കാട്ടരുവികളും കാറ്റിൽ ചിരിച്ചു നിൽക്കുന്ന പലതരം സസ്യ

ജ ാലകങ്ങളും പല വർണത്തിലും പല മണത്തിലും പല വലുപ്പത്തിലും അതി മനോഹരമായ നിറത്തിലുള്ള പൂക്കളും ഉൾപ്പെടുന്ന ഭംഗിയോടു കൂടിയുള്ളതാണ് നമ്മുടെ ഈ പ്രകൃതി എന്നാൽ നമ്മൾ അതിനെ കാണാതെ പോകുന്നതാണ് ഏറ്റവും വലിയ തെറ്റ്. എന്നാൽ അതിനെ ക്രൂരമായി കൊല്ലുന്നത് നമ്മൾ ചെയ്തിരിക്കുന്നത് അതിന്റെ ആ ക ഴിവ ുറ്റ ക ്രൂത്തിനേയും അറിയാതെ പോകുന്ന സൗന്ദര്യത്തിനേയും മനസ്സിലാക്കാതെ പോകുന്ന ഭാവഭംഗിയും അറിയുവാൻ മനുഷ്യൻ പ്രകൃതിയിലേക്ക് ഇറങ്ങിചെല്ലേ ണ്ടത് ആവശ്യമാണ് എന്നാൽ അതൊന്നു വക വെക്കാതെയാണ് മനുഷ്യൻ യാത്ര ചെയുന്നത് അതിന്റെ ആ ലാവണ്യം ഭാവ മാറ്റവും അറിയാതെയാണ് മനുഷ്യന്റെ യാത്ര പ്രകൃതിക്ക് ഒരോ സമയത്തും വ്യത്യസ്ത ഭാവമാറ്റമാണ് കാലാവസ്ഥാ മാറുമ്പോറും അതിന്റെ ഭാവത്തിൽ മാറ്റമുണ്ടാവുകയാണ് ചെയുന്നത് പല പ്രകൃതി ദുരന്തങ്ങൾക്കും കാരണം മ നുഷ്യൻ തന്നെ അറിഞ്ഞോ അറിയാതെയോ ചെയ്ത പ്രവർത്തനം കൂടിയാണ് എന്നാൽ പ്രകൃതി സംരക്ഷിക്കുന്നതിന് ഒരു താല്പര്യം കാണിക്കുന്നില്ല പ്രകൃതിയെ ക്രൂരമായി ഇല്ലാതാക്കുകയാണ് മനുഷ്യൻ ചെയുന്നത്. കുന്നുകൾ ഇടിച്ചു തയ്യാറാക്കുകയും വയൽ നികത്തുകയും പുഴ കളം തോടുകളും മണ്ണിട്ട്

മൂടുകയും. മരം വെച്ചുപിടിപ്പിക്കാതെ മരം വെട്ടി ന ശിപ്പിച്ചു നമ്മുക്ക് ശ്വാസത്തി നുള്ള വായു നമ്മൾ തന്നെ കളഞ്ഞു കുടിക്കുന്നു. നമ്മക്ക് ഭൂമിയിൽ നിലന ിൽപ്പുവേണമെ ന്ക ിൽ അവയുടെ എണ്ണവും കൂടി കൊ ണ്ടിരിക്കണം എന്നാലെ നമ്മുക്ക് ശ്വസിക്കാന്നുള്ള ശുദ്ധവായു ലഭിക്കുക അതുപോലെ ഉള്ളവയും ഭൂമിയുടെ അവകാശികളാണ്. മറ്റു ജീവജാലങ്ങൾക്ക് വൈക്കം മുഹമ്മദ് ബഷീർ എഴുതിയ ഭൂമിയുടെ അവകാശികൾ എന്ന കഥയിൽ അത് ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നിട്ടും നമ്മൾ തന്നെ ആണ് അധികാരം ഉറപ്പിക്കുകയും മനുഷ്യൻ ചെയുന്നു. അത് ഒരു മണ്ടത്തരമാണ് എന്ന് മനുഷ്യൻ മന സ്സിലാ ക്കുക. എന്നാൽ അവർക്കുള്ള അവകാശം പോലെ ന മ്മൾ മനുഷ്യർക്ക് തന്നെ ഇരുന്നു നമ്മുടെ ഈ ഭൂമിയുടെ തുല്യമാണ്. അവർക്ക് അവകാശപ്പെട്ടതാണ് ഇക്കാലത്ത് എടുത്തു പറയേ ഒന്നാണ്. പ്രകൃതി മലിനീകരണം വീട്ടിലെ മാലിന്യങ്ങൾ വീട്ടിൽ തന്നെ കുഴിയിട്ട് മൂടാതെ റോഡ് അരികിൽ, ഒഴുകി നിൽ ക്കുന്ന പുഴകളിലും അല്ലെങ്കിൽ മറ്റുത്തരം ജലാശയങ്ങളും കൊ ണ്ടിടുകയാണ് ചെയുന്നത് ഇങ്ങനെ ഓരോ തരത്തിലുള്ള മഹാ പാപങ്ങൾ ചെയത് പ്രകൃതിയെ ഒന്നായി നശി പ്പിച്ചു കൊണ്ടിരിക്കുന്നു സൂര്യന്റെ ഉദയം തൊട്ടു അസ്തമയം വരെയുള്ള പ്രകൃതി എന്ന മനോഹാരിത നിറഞ്ഞതാണ്. ഉദിച്ചു വരുമ്പോഴുള്ള

ഭംഗി പിന്നെ അത് പുഞ്ചിരിച്ചു നമ്മളെ നോക്കി നിൽക്കു ആ തോന്നൽ പിന്നെ അതിന്റെ അസ്തമയം അത് ന മ്മളിൽ നിന്ന് അകന്നു പോകുന്ന പോലെ അത് അറബിക്കടലിലേക്ക് മുങ്ങി യിരിക്കുകയാണ് ചെയുന്നത് എന്നാൽ നമ്മുക്ക് ആകുന്നതു പോകുന്നത് പോലെയാണ് തോന്നൽ പിന്നെ അടുത്ത സന്ദർഭം അതുകഴിഞ്ഞ് പുതിയ പുതിയ കൂരിരുട്ട് വന്നു കൊ ണ്ടിരിക്കുന്നു പിന്നെ അവകാശം നോക്കിയാൽ അരിമണി വാരിയെറിഞ്ഞതുപോലെ നിൽകുന്ന നക്ഷത്രങ്ങളും അതിന്റെ ഉള്ളിൽ കാണുന്ന രാജാവായ ചന്ദ്രനും എത്തിങ്ങനെ എത്രയധികം സുന്ദരമാണ് ഈ പ്രകൃതി രാത്രിയിൽ നോക്കിയാൽ നിലാവ്. പിന്നെ പല തര ജീവജാലങ്ങളുടെ ശബ്ദം കുറഞ്ഞത് പോലുള്ള അലർച്ച എന്നിങ്ങനെ ഓരോ രാത്രിയും പകലും കഴിയുന്തോറും വ്യത്യസ്ത ഭാവത്തിലാവുന്ന ഈ പ്രകൃതി.

Vrintha. T. V.

**ലേഖനം**

കഥ

# ഏട്ടൻ

‘നല്ല ക്ഷീണം തോന്നുന്നു‘ അച്ഛൻ പറഞ്ഞു “അതു പിന്നെ ഉണ്ടവില്ലെ,ദൂര യാത്രയായിരുന്നില്ലേ....‘ഒന്നോർത്തതിന് ശേഷം അവൾ തുടർന്നു ‘ എട്ടനെക്കാണുമ്പോ ഈ ക്ഷിണമൊക്കെ മാറും‘ അവൾ പറഞ്ഞവസനിപ്പിച്ചു “അവനിവിടെവിടാണെന്നാ പറഞ്ഞേ?‘ ആ ചോദ്യം ചോദിക്കാൻ ആ വൃദ്ധൻ ആകെ പ്രയാസപ്പെട്ടു.മകൾ തന്റെ തോളിൽതൂക്കിയ ചുവന്ന ബാഗിലെ ഒരറയിൽ നിന്നും ഒരു കത്തെടുത്തിട്ട് വായിച്ചു കൊടുത്തു “ദിൽസെ ഹോട്ടൽ സെകൻഡ് ഫ്ലോർ ടെൻ ബി‘ അവൾ തുടർന്നു, ‘ ഇതെവിട്യാന്ന് എനിക്കറിയത്തില്ല..... നമുക്ക് മറ്റാരോടെങ്കിലും ചോദച്ചു നോക്കാം ‘ അവൾ ചുറ്റും തിരുഞ്ഞു അവിടെ നിന്നതാ ഒരു മനുഷൻ നടന്നുവരുന്നു. ഒറ്റ നോട്ടത്തിൽ ഒരു മാന്യൻ ചുവന്ന കണ്ണുകളോടു കൂടിയ ഒരു മനുഷ്യൻ.അവൾ അയാളോട് ചോദിച്ചു. ‘ഈ അഡ്രസ്സ് എവിടാണെന്നറിയാമോ‘ തന്റെ കയ്യിലുണ്ടായിരുന്ന കത്തു നീട്ടിയായിരുന്നു അവളുടെ ചോദ്യം. ‘ ഇതിവിടെയടുത്തല്ല കുറച്ചു പോണം, ഇപ്പോൾ തിരിച്ചാൽ നേരം

ഇരുട്ടും ' അയാൾ അതും പറഞ്ഞ് മുന്നോട്ട് നടന്നു നീങ്ങി.അപ്പോൾ ഇന്നു മെന്റേട്ടനെ കാണാൻ കഴിയില്ലേ?' ആ ചോദ്യം അവൾ തന്റെ അച്ഛനോടു ചോദിച്ചപ്പോൾ അനാവശ്യമായ ഒരു നിഷ്കളങ്കത അതിലേക്കോടി യെത്തി.അവളെ സമാധാനിപ്പിക്കാനായി അച്ഛൻ പറഞ്ഞു 'സാരല്ല്യ, ഇന്നിവിടെ തങ്ങാം നാളെയാവാം യാത്ര' അവൾ ഒന്നു തലക്കുലുക്കുക മാത്രം ചെയതു. നേരം ഇരുട്ടിയിരുന്നു ഇരുളിന്റെ കറുത്ത ചതിക്കുഴിയാൽ സൂര്യൻ പതുക്കെപതുക്കെ വിഴുങ്ങപ്പെട്ടു. ആ സമയത്ത് ആ അച്ഛനും മകളും വലിയ വാതിലുകളും ഇടുങ്ങിയ ജനലുകളുമുള്ള ഒരു മുറിയിലേക്ക് പ്രവേശിച്ചു രുന്നു രാത്രി വളരെ ഇരുട്ടിയിരുന്നു യാത്രാക്ഷീണത്താലാവണം അച്ഛനേറെ അസ്വസ്ഥ നായിരുന്നു. അയാൾ പരിഭ്രാന്തനായ് നിലവിളിച്ചു 'മോളെ.... 'നെ ഞ്ചു തടവിയുള്ള ആ വിളി ഒരിടിമിന്നൽ പോലെ ആ മുറിയെ വിറപ്പിച്ചു. അവൾ ആ മുറിയിലെ ഏതോ ഒരു കോണിൽ നിന്നും അച്ഛന്റെ അടുക്കിലേക്ക് ഓടിയെത്തി. ശ്വാസത്തിന്റെ അവസാന കണികയും വലിച്ചു കേറ്റാനായി ആ വൃദ്ധൻ ഒട്ടേറെ പാടുപെടുന്ന ണ്ടെന്ന് അവൾക്ക് തോന്നി. ആ വൃദ്ധനെ എത്രയും പെട്ടെന്ന് ഒരാശുപത്രിയിലെത്തിക്കണമെന്ന ലക്ഷ്യത്തോടെ അവളോടി.ഇരുട്ടിൽ പല പല വണ്ടികൾക്ക്

കൈകാണിച്ചു, പക്ഷെ ആരും നിർത്തിയില്ല അപ്പോഴായിരുന്നു തന്നെ പിന്തുടരുന്ന കഴുകൻ കണ്ണുകൾ അവളുടെ ശ്രദ്ധയിൽ പെട്ടത്. ആ ചെന്നായ്ക്കൂട്ടം അവളെ കടിച്ചുകീറി.... ലവലേശകരുണയില്ലാതെ പാതി ജീവനറ്റ ആ ശരീരത്തെ അവർ വഴിവക്കിൽ ഉപേക്ഷിച്ചു. അവൾ തന്റെ വരണ്ട ചുണ്ടുകൾ ബുദ്ധിമുട്ടി കൂട്ടി ഉരസിക്കൊണ്ട് പതിയെ വിളിച്ചു 'ഏട്ടാ...' അയാൾ തിരിഞ്ഞു നോക്കി..... ആ കൂട്ടത്തിൽ ഏറ്റവും അവസാനം സഞ്ചരിച്ച ആൾ ..... എതോ ചീറിപ്പാഞ്ഞു വന്ന ഒരു വണ്ടിയുടെ ഹെഡ് ലൈറ്റ് വെളിച്ചത്തിൽ അയാൾ അവളുടെ മുഖം തിരിച്ചറിഞ്ഞു.... തന്റെ പെങ്ങളുടെ മുഖം.... പക്ഷേ അവൻ കണ്ട ആ മുഖത്തിന് അവനെ കാണാൻ കഴിയില്ലായിരുന്നു ......

ധന്യധനേഷ്

**കഥ**

# കുട്ടികൾ വരച്ചത്




ചിത്രം



ചിത്രം

ചിത്രം



ചിത്രം





ചിത്രം



ചിത്രം



ചിത്രം




ചിത്രം



ചിത്രം




ചിത്രം



ചിത്രം



ചിത്രം



ചിത്രം




ചിത്രം



ചിത്രം



ചിത്രം

